(സി) വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന കൺവെയൻസ് അലവൻസ് എത്രയെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വികലാംഗരായവർക്ക് നൽകിവരുന്ന ചികിത്സാ സഹായത്തിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രതിമാസം 300 രൂപ കൺവെയൻസ് അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ജലസുരക്ഷ

91 (541) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസുരക്ഷ പദ്ധതിയുടെ പൂർണ്ണരൂപം വിശദമാക്കുമോ ;

(ബി) എത്ര നിയോജകമണ്ഡലങ്ങളിലാണ് ഈ പദ്ധതി നടത്തിപ്പിനുള്ള സമിതികൾ രൂപീകരിച്ചത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാത്ത മണ്ഡലങ്ങളിൽ ജലസുരക്ഷ പദ്ധതിയുടെ പ്രവർത്തനപുരോഗതി പരിശോധിക്കുമോ ;

(ഡി) ജലസുരക്ഷ പദ്ധതി അതർഹിക്കുന്ന പ്രാധാന്യത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജലസംരക്ഷണ അവബോധത്തിനായി 'ജലസുരക്ഷ' എന്നപേരിൽ ഒരു പദ്ധതി സംസ്ഥാന ജലവിഭവവകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. വിവിധ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംയോജിപ്പിച്ച് ന്യൂനതകൾ പരിഹരിച്ച് മെച്ചപ്പെട്ട ഏകോപനം ഉറപ്പുവരുത്തി ജലവിഭവ മേഖലയിലെ രണ്ടുപ്രധാന പ്രശ്നങ്ങളായ ജലദൗർലഭ്യതയും, ജലമലിനീകരണവും നേരിടുന്നതിനുള്ള ക്രിയാത്മക സമീപനമാണ് ജലസുരക്ഷ പദ്ധതിയുടെ അടിസ്ഥാനം.

1) ജലസമ്പത്ത് സംരക്ഷിച്ച് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

2) നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

3) ജലത്തിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക.

4) ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന വകുപ്പുകളാണ് ഓരോ ജില്ലയിലേയും പ്രവർത്തനങ്ങൾ നടത്തേണ്ടത്.

തിരുവനന്തപുരം, തൃശൂർ, മലപ്പുറം - ജലനിധി.

കോഴിക്കോട്, എറണാകുളം, ആലപ്പുഴ - ജലസേചനവകുപ്പ്, കോട്ടയം.

വയനാട്, ഇടുക്കി - കേരള വാട്ടർ അതോറിറ്റി

പാലക്കാട്, കണ്ണൂർ, പത്തനംതിട്ട - കാഡ

കാസർഗോഡ് - ഗ്രൗണ്ട് വാട്ടർ.

സംസ്ഥാനത്തെ എല്ലാ മലിനീകരണപ്പെട്ട ജലസ്രോതസ്സുകളെയും ഉപയോഗയോഗ്യമാക്കുന്നതിനുള്ള പരിപാടികൾ ജലസുരക്ഷയിൽപ്പെടുത്തി ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൽ താഴെപ്പറയുന്നവരാണ് പങ്കാളികൾ.

1) ജന പ്രതിനിധികൾ
2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
3) പ്രാദേശിക സന്നദ്ധ സംഘടനകൾ
4) പരിസ്ഥിതി ക്ലബുകൾ
5) വിദ്യാഭ്യാസ സ്ഥാപനങ്ങൾ
6) ജല സഭകൾ
7) കർഷക സംഘടനകൾ
8) നീർത്തടാധിഷ്ഠിത സമിതികൾ
9) ജലമേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ, ഗവേഷകർ

ജല വിനിയോഗത്തിന്റെയും ജലസംരക്ഷണ പ്രവർത്തനങ്ങളുടേയും കാര്യക്ഷമതയ്ക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന ജലസുരക്ഷാ പരിപാടി ജലസംഭരണികളുടേയും ജലസേചന കനാലുകളുടേയും അറ്റകുറ്റ പണികൾക്കും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവസരമൊരുക്കുന്നതാണ്.

(ബി) ചേലക്കര നിയോജകമണ്ഡലത്തിൽമാത്രമാണ് സമിതി രൂപീകരിച്ചത്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ ജലസുരക്ഷ പദ്ധതി ചേലക്കര നിയോജകമണ്ഡലത്തിൽവച്ച് ആരംഭിക്കുകയും സമിതി രൂപീകരിക്കുകയുമുണ്ടായി.

ജലം, കൃഷി, വനം, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്കും പ്രസ്തുത വകുപ്പുകളിൽനിന്നുള്ള നോഡൽ ഓഫീസർമാർക്കുവേണ്ടിയുള്ള ശിൽപശാല, ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ ജനപ്രതിനിധികൾക്കുമായുള്ള ബോധവത്ക്കരണ ശില്പശാല, പഞ്ചായത്തുതല ബോധവത്ക്കരണ ശില്പശാല (9 എണ്ണം) സംഘടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലസുരക്ഷാ പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലേയും ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പ്രത്യേകം പ്രത്യേകം ഡിപ്പാർട്ട്മെന്റുകളെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ.(സാധാ)നമ്പർ 69/2010 WRD തീയതി 18-1-2010സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം, തൃശൂർ, മലപ്പുറം—കെ.ആർ.ഡബ്ല്യൂ.എസ്.എ.

കോഴിക്കോട്, എറണാകുളം, ആലപ്പുഴ—ജലസേചനവകുപ്പ് വയനാട്, ഇടുക്കി — കേരള വാട്ടർ അതോറിറ്റി പാലക്കാട്, കണ്ണൂർ, പത്തനംതിട്ട —കാഡ കാസർഗോഡ്— ഗ്രൗണ്ട് വാട്ടർ

മേൽനോട്ടവും നടത്തിപ്പുചുമതലകളും വഹിക്കണമെന്നാണ് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പത്ര മാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മീഡിയായിലൂടെയുമുള്ള പ്രചരണ, ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

(ഡി) ജലസുരക്ഷാ പദ്ധതി അർഹിക്കുന്ന പ്രാധാന്യത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പമ്പാനദിയുടെ സംരക്ഷണം

92 (542) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ പമ്പാനദി സംരക്ഷണത്തിനും സമഗ്രവികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് കരുതുന്നത് ;

(സി) പമ്പാനദിയിലേക്ക് മാലിന്യങ്ങൾ ഒഴുകുന്നതു തടയുന്നതിനും പുഴയുടെ തീരം സംരക്ഷിക്കുന്നതിനും പുഴ കയ്യേറ്റം തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ഡി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ പമ്പാനദി സംരക്ഷണത്തിനായി പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(സി&ഡി) പമ്പാ ആക്ഷൻ പ്ലാൻപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹായത്തോടെ ശബരിമലയിൽനിന്നുള്ള മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly